1817

## ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ
## നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ആർ. രാജരാജ വർമ്മ**

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം - ശ്രീ. എം.കെ. നാരായണൻ, ഫോറസ്റ്ററുടെ പേര് ഫോറസ്റ്റർമാരുടെ 01.07.2003 പ്രാബല്യത്തിലുള്ള സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :-
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ 12.05.2006-ലെ ഇ4-28038/03 നമ്പർ ഉത്തരവ്.
2. കണ്ണൂർ നോർത്തേൺ സർക്കിൾ കൺസർവേറ്ററുടെ 14.06.2006-ലെ ഇ1-157/03 നമ്പർ ഉത്തരവ്.
3. കണ്ണൂർ നോർത്തേൺ സർക്കിൾ കൺസർവേറ്ററുടെ 15.11.2008-ലെ ഇ1-8766/03 നമ്പർ ഉത്തരവ്.
4. ശ്രീ.എം.കെ. നാരായണൻ, ഫോറസ്റ്ററുടെ 20.05.2009 തീയതിയായ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ4-14716/09 തീയതി 06.10.2010

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 04.02.1999-ലെ RI-K(1) 24537/98/GW പ്രകാരം ഫോറസ്റ്റർ തസ്തികയിലേക്ക് നിയമനത്തിന് ശുപാർശ ചെയ്ത ശ്രീ. എം.കെ. നാരായണനെ കണ്ണൂർ നോർത്തേൺ സർക്കിൾ കൺസർവേറ്ററുടെ 06.03.1999-ലെ 22/99 നമ്പർ സേവന ഉത്തരവ് പ്രകാരം ഫോറസ്റ്റർ തസ്തികയിൽ നിയമിക്കുകയും 15.03.1999-ന് രാവിലെ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ഫോറസ്റ്റർ തസ്തികയിൽ ജോലിയിൽ തുടർന്നുവരവേ ടിയാന് ട്രഷറി വകുപ്പിൽ ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിച്ചതിനാൽ 31.03.2001-ന് വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്തു. ട്രഷറി വകുപ്പിൽ ജോലി ചെയ്തു വരവെ മുനിസിപ്പൽ കോമൺ സർവ്വീസിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ച ടിയാൻ 27.09.2003 മുതൽ 27.06.2006 വരെ മുനിസിപ്പൽ വകുപ്പിലും ജോലി നോക്കുകയുണ്ടായി. തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെ ഫോറസ്റ്റർ തസ്തികയിൽ പുനർ നിയമനം നൽകുകയും 28.06.2006-ന് ടിയാൻ ഫോറസ്റ്റർ തസ്തികയിൽ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.

01.04.2001 മുതൽ 27.06.2006 വരെയുള്ള കാലയളവിൽ ടിയാൻ,വനം വകുപ്പിൽ ജോലിയിൽ ഇല്ലാതിരുന്നതിനാൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച 01.07.2003 പ്രാബല്യത്തിലുള്ള ഫോറസ്റ്റർമാരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ പേർ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചതിനെ തുടർന്ന് കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 12 പ്രകാരമുള്ള സർക്കിൾതല സീനിയോറ്റിറ്റി പട്ടികയിൽ ക്രമനമ്പർ 75(എ) ആയി സ്ഥാനം നിർണ്ണയിച്ചു നൽകി പരാമർശം (3) പ്രകാരം കണ്ണൂർ നോർത്തേൺ സർക്കിൾ കൺസർവേറ്റർ ഉത്തരവായി.

സർക്കിൾതല സീനിയോറിറ്റി പട്ടികയിലെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ 01.07.2003-ലെ സംസ്ഥാനതല സംയോജിത സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 314-നും ക്രമനമ്പർ 315-നും ഇടയിലായി ക്രമനമ്പർ 314(എ) ആയി സ്ഥാനത്തിന് ടിയാന് അർഹതയുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. എം.കെ. നാരായണൻ ഫോറസ്റ്റർക്ക് 01.07.2003 പ്രാബല്യത്തിലുള്ള ഫോറസ്റ്റർമാരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 314 (എ) ആയി താൽക്കാലികമായി സ്ഥാനം നിർണ്ണയിച്ചു നൽകി ഉത്തരവാകുന്നു.

മേൽ തീരുമാനം സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുന്നതിന് ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സാവകാശം അനുവദിക്കുന്നു. താൽക്കാലിക തീരുമാനത്തിനുമേൽ ആക്ഷേപം ഉള്ളവർ ആയത് രേഖാമൂലം നിശ്ചിത സമയപരിധിക്കകം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ആക്ഷേപം ഒന്നും ബോധിപ്പിച്ചിട്ടില്ലെങ്കിൽ ഇതു സംബന്ധിച്ച താൽക്കാലിക തീരുമാനം ഇനിയൊരു അറിയിപ്പു കൂടാതെ സ്ഥിരീകരിക്കുന്നതായിരിക്കും.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

*ശ്രീ. എം.കെ. നാരായണൻ, ഫോറസ്റ്റർക്ക് കണ്ണൂർ നോർത്തേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ മുഖേന.*